# نصيحة الجمعة

## تحت إشراف جمعية العلماء لجنوب كيرلا، كلّم ، الهند

(Dakshina Kerala Jam–iyyathul Ulama, Kollam, Kerala)

للأستاذ المولوي سي. اي. موسي الباقوي القاسمي : ٩٤٤٧٤٦٥٦٤٨

الإتصال: شمير الباقوي-٩٤٩٥١٩٠٨٩٥

**തീയതി: 16/03/2018.**

**വിഷയം: " ആദരവ് മരണശേഷവും "**

يا أَيُّهَا النَّاسُ إِنَّا خَلَقْناكُمْ مِنْ ذَكَرٍ وَ أُنْثى وَ جَعَلْناكُمْ شُعُوباً وَ قَبائِلَ لِتَعارَفُوا إِنَّ أَكْرَمَكُمْ عِنْدَ اللَّهِ أَتْقاكُمْ إِنَّ اللَّهَ عَلِيمٌ خَبِيرٌ ۞

﴿حجرات:١٣۞﴾

➢ മനുഷ്യരെ ആദരണീയരായിട്ടാണ് അല്ലാഹു പടച്ചത്. മറ്റ് സൃഷ്ടികൾക്കൊന്നുമില്ലാത്ത പല ബഹുമതികളും മനുഷ്യരിൽ സംവിധാനിച്ചു. ബുദ്ധി, വിവേകം, സംസാരശേഷി. അറിവ്, തല ഉയർത്തി നടക്കാനുള്ള അവസരം... ഇതെല്ലാം മനുഷ്യന് കിട്ടിയ ഭാഗ്യങ്ങളാണ്.

وَلَقَدْ كَرَّمْنَا بَنِي آدَمَ وَحَمَلْنَاهُمْ فِي الْبَرِّ وَالْبَحْرِ وَرَزَقْنَاهُم مِّنَ الطَّيِّبَاتِ وَفَضَّلْنَاهُمْ عَلَىٰ كَثِيرٍ مِّمَّنْ خَلَقْنَا تَفْضِيلًا۞﴿اسراء : ٧٠۞﴾

➢ ഈ ആദരവ് സൃഷ്ടിപരമാണ്. ജന്മസിദ്ധമാണ്.അതിൽ ജാതി, മത, സ്ത്രീ, പുരുഷ വ്യത്യാസങ്ങളില്ല. മനുഷ്യകുലത്തിനാകെ അല്ലാഹു നൽകിയതാണ്.

يُخْبِرُ تَعَالَى عَنْ تَشْرِيفِهِ لِبَنِي آدَمَ وَتَكْرِيمِهِ إِيَّاهُمْ فِي خَلْقِهِ لَهُمْ عَلَى أَحْسَنِ الْهَيْئَاتِ وَأَكْمَلِهَا (ابن كثير)

➢ എന്നാൽ മനുഷ്യൻ ആർജിച്ചെടുക്കുന്ന മറ്റൊരു ബഹുമതിയുണ്ട്. ഇത് സൃഷ്ടിപരമല്ല. മനുഷ്യൻ ഉണ്ടാക്കിയെടുക്കുന്നതാണ്. തന്മൂലം മനുഷ്യകുലത്തിനാകമാനം ഉള്ളതല്ല. ഉണ്ടാക്കിയെടുത്താൽ ഉണ്ടാകുന്നതാണ്.

➢ ഈമാൻ, തഖ്‌വയുടെ അടിസ്ഥാനത്തിലുള്ള ആദരവാണത്. ഈമാൻ ഉള്ളവർക്ക് അല്ലാഹുവിന്റെ അടുക്കൽ പ്രത്യേക ബഹുമതിയുണ്ട്.

عَن ابْنِ عُمَرَ:قَالَ:رَأَيْتُ رَسُولَ اللَّهِ ﷺ يَطُوفُ بِالْكَعْبَةِ وَيَقُولُ:مَا أَطْيَبَكِ وَأَطْيَبَ رِيحَكِ,مَا أَعْظَمَكِ وَأَعْظَمَ حُرْمَتَكِ, وَالَّذِي نَفْسُ مُحَمَّدٍ بِيَدِهِ, لَحُرْمَةُ الْمُؤْمِنِ أَعْظَمُ عِنْدَ اللَّهِ حُرْمَةً مِنْكِ (ابن ماجه)

ഇത് ഇന്ന് ദീൻസ്വീകരിക്കുന്ന വ്യക്തിക്കുമുണ്ട്. അവർ നിസ്ക്കാരം, നോമ്പ്, ഹജ്ജ്, സകാത്ത് ചെയ്യുന്നതിനുമുമ്പ് തന്നെ. കാരണം അവരിൽ ഈമാൻ ഉണ്ടായിരിക്കുന്നു.

ആദരവിന്റെ മറ്റൊരു കാരണം തഖ്‌വയാണ്. ഇത് ഉള്ളവർ അങ്ങേയറ്റം ആദരണീയരാണ്.

يا أَيُّهَا النَّاسُ إِنَّا خَلَقْناكُمْ مِنْ ذَكَرٍ وَ أُنْثى وَ جَعَلْناكُمْ شُعُوباً وَ قَبائِلَ لِتَعارَفُوا إِنَّ أَكْرَمَكُمْ عِنْدَ اللَّهِ أَتْقاكُمْ إِنَّ اللَّهَ عَلِيمٌ خَبِيرٌ۞

﴿حجرات:١٣﴾

ചുരുക്കത്തിൽ ഈമാനും തഖ്‌വയും ഉള്ളവർ അല്ലാഹുവിന്റെയടുക്കൽ ആദരണീയരാണ്.

➢ ആർജിതമായ ഈ ആദരവിന് 2 പ്രത്യേകതകളുണ്ട്. ഒന്ന്: അതിൽ എല്ലാ വിശ്വാസികളും തുല്യരല്ല. ഏറ്റ വ്യത്യാസമുള്ളവരായിരിക്കും. കാരണം ഈമാനും തഖ്‌വയും എല്ലാവരിലും തുല്യമല്ല. അമ്പിയാക്കളുടെ ഈമാൻ മറ്റുള്ളവർക്കില്ല. വിശ്വാസികൾ തന്നെ ഇതിൽ പല പദവിക്കാരാണ്.

وَكُنتُمْ أَزْوَاجًا ثَلَاثَةً ۞ فَأَصْحَابُ الْمَيْمَنَةِ مَا أَصْحَابُ الْمَيْمَنَةِ ۞ وَأَصْحَابُ الْمَشْأَمَةِ مَا أَصْحَابُ الْمَشْأَمَةِ ۞ وَالسَّابِقُونَ السَّابِقُونَ ۞ أُولَٰئِكَ الْمُقَرَّبُونَ ﴿واقعة :٧-١١﴾

അപ്പോൾ ഈമാൻ, തഖ്‌വയുടെ ഏറ്റ വ്യത്യാസമനുസരിച്ച് ആദരവും ഏറ്റ വ്യത്യാസപ്പെടും. അമ്പിയാക്കൾ ഏറ്റവും മുകളിൽ. മുഖർറബീങ്ങളായ ഔലിയാക്കൾ അതിന്റെ താഴെ. സജ്ജനങ്ങൾ അതിന്റെയും താഴെ. അല്ലാത്ത വിശ്വാസികൾ ഏറ്റവും താഴെ.

➢ രണ്ട്: ഈ ആദരവ് മരണത്തോടെ അവസാനിക്കുന്നില്ല. കാരണം: ഈമാനും തഖ്‌വയും മരണശേഷം ശോഭയോടെ നിലകൊള്ളുന്നു. അപ്പോൾ അതുകാരണമായി ലഭിച്ച ആദരവും നിലനിൽക്കുന്നതാണ്.

ഉദാ: മരിച്ച ഉടനെ മയ്യിത്തിന്റെ കണ്ണ് തിരുമ്മി അടക്കൽ സുന്നത്താണ്. എന്തിനാണിത് ചെയ്യുന്നത്? ഫുഖഹാക്കൾ 2 കാരണം പറഞ്ഞു. ഒന്ന്: തിരുചര്യയാണത്. അബൂസലമ(റ) മരിച്ചപ്പോൾ നബി(സ്വ) അങ്ങനെ ചെയ്തു. രണ്ട്:

وَلِئَلَّا يَقْبُحَ مَنْظَرُهُ فَيُسَاءَ بِهِ الظَّنُّ (تحفة)

(= കണ്ടാൽ വികൃതമായി തോന്നും. അത് മോശമായ ഭാവനയുണ്ടാക്കും) അപ്പോൾ മയ്യിത്തിനെക്കുറിച്ച് ആദരവിന് ഭംഗം വരാതിരിക്കുന്നതിനാണ് ഇത് ചെയ്യുന്നത്. താട കെട്ടി വെക്കുന്നതിന്റെ ലക്ഷ്യവും അത് തന്നെ.

وَلِئَلَّا يَقْبُحَ مَنْظَرُهُ (شرواني)

ഈ അടിസ്ഥാനത്തിൽ, മരിച്ചാൽ വെപ്പു പല്ലുകൾ മാറ്റേണ്ടതില്ല. കാരണം മുഖം വികൃതമാകാതിരിക്കാനാണ് പല്ല് വെക്കുന്നത്. അത് മാറ്റേണ്ട ആവശ്യമില്ല. മരിച്ചതു മുതൽ മയ്യിത്ത് കൊണ്ടുപോകുന്നത് വരേക്കും മയ്യിത്തിന്റെ അടുക്കൽ സുഗന്ധം പുകക്കൽ സുന്നത്താണ്. നജസ്സുകൾ പുറപ്പെട്ടാൽ ദുർഗന്ധം അനുഭവപ്പെടാതിരിക്കാനാണിത്. ഇതെല്ലം മയ്യിത്തിന്റെ ആദരവ് നിലനിർത്താൻ വേണ്ടിയാണ്.

മരിച്ചാൽ മയ്യിത്തിനെ മൂടി ഇടണമെന്നാണ് നിയമം. കുളിപ്പിക്കുമ്പോൾ പോലും മുഖം മൂടിഇടലാണ് സുന്നത്ത്. എന്തിനാണിത്? മയ്യിത്തിന്റെ മുഖഭാവത്തിന് വല്ല മാറ്റവും വന്നാൽ അത് പ്രകടമാകാതിരിക്കാനാണ്.

لِأَنَّ الْمَيِّتَ مَظِنَّةُ التَّغَيُّرِ وَلَا يَنْبَغِي إِظْهَارُ ذَلِكَ (نهاية)

ഇത്രത്തോളം മയ്യിത്തിനെ ആദരിക്കുകയാണ് ദീൻ ചെയ്യുന്നത്. ഇന്ന് സ്ത്രീ പുരുഷ വ്യത്യാസമില്ലാതെ മയ്യിത്തുകൾ പൊതുദർശന വസ്തു ആക്കുന്നു. മയ്യിത്ത് കാണൽ എന്നൊരു സുന്നത്തില്ല. ജീവിതത്തിൽ കാണാവുന്നവരെ മരിച്ചാലും കാണാവുന്നതാണ്. മരണത്തോടെ നിയമത്തിന് മാറ്റം വരില്ല.

➢ മയ്യിത്ത് കുളിപ്പിക്കുന്നവർ എന്തെങ്കിലും മോശമായ അവസ്ഥ കണ്ടാൽ അത് പുറത്ത് പറയരുത്.

عن أبي رافع ﷺ أن رسول الله ﷺ قال: مَن غسَّل مسلمًا فكتَم عليه، غفَر الله له أربعين مرة(حاكم)

മരിച്ചവരുടെ യാതൊരുവിധ കുറവുകളും പറയാവതല്ല.

عَن ابْنِ عُمَرَ ﷺ أن رسول الله ﷺ قال :اذْكُرُوا مَحَاسِنَ مَوْتَاكُمْ، وَكُفُّوا عَنْ مَسَاوِيهِمْ(ترمذي)

ഉള്ള കുറവുകൾ പോലും പറയരുത് എന്നാണ് നിയമം. ഇന്ന് ഇല്ലാത്ത ആരോപണങ്ങൾ പോലും പറഞ്ഞുണ്ടാക്കുന്നു. മൺമറഞ്ഞ മഹത്തുക്കളെ പോലും ഇകഴ്ത്തുന്ന മോശമായ പ്രവണത വർദ്ധിക്കുകയാണ്. ഇത് ഖിയാമത്തിന്റെ അടയാളമാണ്.

عَنْ عَلِيّ ﷺ أن رسول الله ﷺ قال : إِذَا فَعَلَتْ أُمَّتِي خَمْسَ عَشْرَةَ خَصْلَةً حَلَّ بِهَا الْبَلَاءُ ....... وَلَعَنَ آخِرُ هَذِهِ الْأُمَّةِ أَوَّلَهَا فَلْيَرْتَقِبُوا عِنْدَ ذَلِكَ رِيحًا حَمْرَاءَ أَوْ خَسْفًا وَمَسْخًا (ترمذي)

ചരിത്രം:

ഇക്രിമത്ബ്നു അബീജഹൽ ഇസ്ലാം സ്വീകരിക്കാനായി ജിദ്ദയിൽ നിന്ന് മക്കത്തേക്ക് പുറപ്പെട്ടപ്പോൾ മക്കയിലായിരുന്ന നബി(സ്വ) സ്വഹാബത്തിനോട് പറഞ്ഞു.

يَأْتِيكُمْ عِكْرِمَةُ بْنُ أَبِي جَهْلٍ مُؤْمِنًا مُهَاجِرًا، فَلا تَسُبُّوا أَبَاهُ، فَإِنَّ سَبَّ الْمَيِّتِ يُؤْذِي الْحَيَّ، وَلا يَبْلُغُ الْمَيِّتَ (مستدرك)

മരിച്ചവരെ ആക്ഷേപിക്കരുതെന്ന് ഈ ചരിത്രം നമ്മെ പഠിപ്പിക്കുന്നു. ഇതെല്ലാം മരിച്ചവരോട് നാം ആദരവ് പുലർത്തണമെന്ന് പഠിപ്പിക്കുന്നു. ഇവ പൂർത്തിയാ ക്കേ താണ.

∆ ∆ ∆